# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകൃതാസൂത്രണം - 12-ാം പഞ്ചവൽസര പദ്ധതി - 4-ാം വാർഷിക പദ്ധതി (2015-16) അന്തിമമാക്കുന്നതിനും 5-ാം വാർഷിക പദ്ധതി (2016-17) തയ്യാറാക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ(സാധാ)നം.1458/2016/തസ്വഭവ തിരുവനന്തപുരം, തീയതി: 15.04.2016.**

---

പരാമർശം : - സ.ഉ(എം.എസ്)നം.04/2016/തസ്വഭവ, തീയതി: 11.01.2016.

## ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നാലാം വാർഷിക പദ്ധതി (2015-16) അന്തിമമാക്കുന്നതിനും അഞ്ചാം വാർഷിക പദ്ധതി (2016-17) തയ്യാറാക്കുന്നതിനുമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 31/03/2016 തീയതിയിൽ ട്രഷറിയിൽ നിന്നും മാറിയ ബില്ലുകൾക്ക് മാത്രമേ സാംഖ്യാ സോഫ്റ്റ് വെയറിൽ എക്സ്പെൻഡിച്ചർ രേഖപ്പെടുത്താൻ കഴിയുകയുള്ളു. അല്ലാത്ത അലോട്ട്മെന്റുകൾ ക്യാൻസൽ ചെയ്യേണ്ടതാണ്.
2. ട്രഷറി കണക്കുകളുമായി ഒത്തുനോക്കി എല്ലാ വരവു ചെലവുകളും സാംഖ്യയിൽ രേഖപ്പെടുത്തിയെന്ന് ഉറപ്പുവരുത്തേണ്ടതും സുലേഖ സോഫ്റ്റ് വെയറിൽ നിന്നും 2015-16 ന്റെ വാർഷിക പദ്ധതി കണക്കുകൾ പ്രിന്റൗട്ടെടുത്ത് കൃത്യത വരുത്തുകയും ചെയ്യേണ്ടതാണ്.
3. എല്ലാ റിലീസിന്റേയും വിവരങ്ങൾ സാംഖ്യയിലേയ്ക്ക് letter of allotment ആയി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കണം.
4. പുതിയതായി രൂപീകൃതമായ മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷന്റേയും 01.11.2015 മുതൽ മുനിസിപ്പൽ സാംഖ്യാ സംവിധാനത്തിലേക്ക് മാറിയ ദിവസം വരെയുള്ള ഇടപാടുകൾ, ഐ.കെ.എം മുനിസിപ്പൽ സാംഖ്യയിലേയ്ക്ക് മാറ്റി നൽകുന്നതാണ്.
5. മറ്റ് മുനിസിപ്പാലിറ്റിയിലേയ്ക്കും കോർപ്പറേഷനിലേയ്ക്കും കൂട്ടിചേർത്ത പഞ്ചായത്തുകളുടെ 31.10.2015-ലെ ക്ലോസിംഗ് ബാലൻസ് കൂട്ടിച്ചേർക്കപ്പെട്ട

മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അക്കൗണ്ടുകളിലേയ്ക്ക് ചേർക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. മുനിസിപ്പാലിറ്റികളായിട്ട് മാറുകയും മുനിസിപ്പൽ കോർപ്പറേഷനുകളോട് ചേർക്കപ്പെടുകയും ചെയ്ത പഞ്ചായത്തുകൾ 31.10.2015 തീയതിയിൽ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിന് സാംഖ്യ പഞ്ചായത്ത് വെർഷനിലെ pending task വഴി ചെയ്യേണ്ടതാണ്.

7. 2015-16 - ലെ വാലിഡേഷൻ ക്രമീകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

- ബജറ്റ് തുകയ്ക്ക് പകരം റിലീസ് ചെയ്ത തുകകൾ കൊടുക്കേണ്ടതാണ്.
- റിലീസ് ചെയ്ത തുകയ്ക്കനുസരിച്ച് പ്രോജക്ടുകൾ ക്രമീകരിക്കേണ്ടതാണ്.
- ഇങ്ങനെ ക്രമീകരിക്കുമ്പോൾ നിലവിലുള്ള പ്രോജക്ടുകളിൽ ഉൾപ്പെടാതെ അധികമായി നിൽക്കുന്ന തുക ഉണ്ടെങ്കിൽ അതിന് പ്രോജക്ട് രൂപീകരിക്കേണ്ടതില്ല. പ്രസ്തുത തുക ഉൾപ്പെടുത്തുന്നതിനുള്ള ക്രമീകരണം ഐ.കെ.എം. നടത്തുന്നതാണ്.
- ജി.ഒ പ്രോജക്ടായി ചെലവഴിച്ച തുകയ്ക്ക് ആകെ ലഭിച്ച തുകയിൽ നിന്നും ഫണ്ട് കണ്ടെത്തി ക്രമീകരിക്കേണ്ടതാണ്.
- ഇപ്രകാരം തുക ക്രമീകരിച്ചതിനുശേഷം മാത്രമേ സ്പിൽ ഓവർ പ്രോജക്ടുകൾ 2016-17 വർഷത്തേയ്ക്ക് കൊണ്ടുവരാൻ കഴിയൂ. സ്പിൽ ഓവർ പ്രോജക്ടുകളെ സംബന്ധിച്ച് നിലവിലുള്ള സംവിധാനം തുടരാവുന്നതാണ്.

ഇതു സംബന്ധിച്ച കൂടുതൽ വിശദീകരണങ്ങൾ സംസ്ഥാനതല സാംഖ്യാ സപ്പോർട്ട് സെൽ നൽകുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**പി.ഐ.ഷെയ്ക്ക് പരീത് ഐ.എ.എസ്**
**ഗവ.സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ